മിസിസ്സ് കെ. എം. ആർ. മേനോൻ: ഇതു് വള്ളത്തോളായിട്ടു നടത്തിയിരുന്നതല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദ്യകാലത്തു വള്ളത്തോളാണു് നടത്തിയിരുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: കലാമണ്ഡലത്തിന്റെ ചിലവു മുഴവൻ ഗവർമ്മെണ്ടാണൊ ചെയ്യുന്നതു്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അവിടത്തെ വരവു കഴിച്ചു് ബാക്കിയുള്ള സംഖ്യ ഗവർമ്മെണ്ടു ചിലവുചെയ്യും.

മിസ്റ്റർ പി. കെ. ഡീവർ: അവിടത്തെ വരവിന്റെ എതു ശതമാനമാണു് ഗവർമ്മെണ്ടു് അവിടെ ചിലവു ചെയ്യുന്നതു്.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അവിടത്തെ വരവു കഴിച്ചു ബാക്കി പോരാതെ വരുന്ന സംഖ്യ ഗവർമ്മെണ്ടു കൊടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: ആ ഇൻസ്റ്റിട്ടൂഷനുവേണ്ടി എത്രയാണു് ചിലവാകുന്നതു്; അതിൽ എത്രശതമാനമാണു് ഗവർമ്മെണ്ടു കൊടുക്കുന്നതു് എന്നറിയുവാനാണു് ചോദിക്കുന്നതു്.

മിസ്റ്റർ എം. കെ. രാജ: ഈ സ്ഥാപനത്തിന്റെ അതാതു കൊല്ലത്തെ ഓഡിറ്റർ റിപ്പോർട്ട് ഗവർമ്മെണ്ടിലേക്കു സമർപ്പിക്കാറില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ എം. കെ രാജ: കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ട ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്.

മിസിസ്സ് കെ. എം. ആർ. മേനോൻ: കലാമണ്ഡലത്തിലുള്ള ആളുകളെ കഴിഞ്ഞ കൊല്ലം ബോംബെയിലേക്കു കൊണ്ടുപോയതിന്റെ ചിലവു ഗവർമ്മെണ്ടാണൊ വഹിച്ചതു്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതിനു നാലായിരത്തോളം ഉറുപ്പിക മെച്ചം കിട്ടി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിൽ കൊച്ചീക്കാർ വല്ലവരുമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടൊ എന്നറിയുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഈ കാര്യത്തിൽ ശ്രദ്ധവെച്ചു് അവിടെ കൊച്ചീക്കാരായിട്ടുള്ളവർ വല്ലവരുമുണ്ടൊ എന്നു അന്വേഷിക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടത്തെ മാനേജർ അവധിയിലാണെന്നു ഗവർമ്മെണ്ടു അറിഞ്ഞിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോക്കീട്ടില്ല. വേണമെങ്കിൽ അന്വേഷിച്ചു പറയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊച്ചീക്കാരായ ആളുകളെ പിരിച്ചുവിട്ട കവളപ്പാറയിലുള്ള എത്രപേരെ അവിടെ നിയമിച്ചിട്ടുണ്ടെന്നു അന്വേഷിക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും അന്വേഷിക്കാം.

COIR ROPES—MANUFACTURE OF

59. Mr. P.T. Jacob *(Latin Christians-Mattancheri)*: Will Government be pleased to state.—

(*a*) how many business firms are there in Mattancheri who cause the manufacture of coir ropes and export the same from Cochin; who are they and from what time they had begun the manufacture and export of the same;

(*b*) what is the annual export quantity of coir rope by each of the said companies?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) Almost all the coir merchants are engaged in this trade. A list of important coir merchants is appended. *(Appendix II.)*

(*b*) Government have no information.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കയർ ഇൻഡസ്ട്രി വലിപ്പിക്കണമെന്ന സ്റ്റീം ഗവ മെണ്ടിന്നുള്ളപ്പോൾ അതിന്റെ കണക്കെടുക്കേണ്ട ആവശ്യമില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: എടുക്കുന്നതു നന്നായിരിക്കുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നന്നായിരിക്കണം.

മിസ്റ്റർ പി. കെ. ഡിവർ: അതു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെണ്ടിനെക്കൊണ്ടു എടുപ്പിക്കാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആലോചിക്കാം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: കൊച്ചിയിലെ കയർ ബിസിനസ്സ് കുറഞ്ഞിരിക്കുന്നു എന്നു ഗവമെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ കേൾവിയുണ്ടു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിന്നുള്ള കാരണമെന്താണെന്നു അറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വ്യാപാരസംബന്ധമായിട്ടുള്ള ചില മാറ്റങ്ങളാണെന്നാണു കേൾക്കുന്നതു.

T. B. KOZHINJAMPARA

60. മിസ്റ്റർ ആർ. എസ്സ്. തേവണ്ണ കവുണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊഴിഞ്ഞാമ്പാറ ടി. ബി. ഒഴിഞ്ഞുവാങ്ങിയിട്ടു എത്ര കാലമായി;

(ബി) ആയതിലേക്കു വേണ്ട ഫർണിച്ചർ നൽകിയിട്ടുണ്ടോ;

(സി) അത്യാവശ്യം വേണ്ട ഭൃത്യന്മാരെ നിയമിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ൧൯൨൪ ചിങ്ങത്തിൽ ഒഴിഞ്ഞുവാങ്ങി.

(ബി) ഫർണീച്ചർ നൽകുവാൻ വേണ്ട നടപടികളും എടുക്കുന്നുണ്ടു.

(സി) ഉവ്വു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: നടപടികളെടുക്കുന്നതിന്നു ഇത്ര കാലതാമസം വന്നാൽ സാമാനങ്ങളും വാങ്ങി അവിടെ എത്തിക്കുവാൻ എത്ര കൊല്ലം വേണ്ടിവരും?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സാമാനങ്ങളും വാങ്ങിച്ചു തരുവാൻ ട്രാംവെ വർക്ഷാപ്പിലേക്കു ആർഡർ കൊടുത്തിട്ടുണ്ടു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: അവക്കു സാധിക്കുകയില്ലെങ്കിൽ വേറെ ആൾക്കു കൊടുക്കുവാൻ പാടില്ലെ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇടവമാസം കഴിയുന്നതുവരെ അവിടെ ഒരു ഡാക്ടർ താമസിച്ചിരുന്നതായി അറിയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഒരിക്കൽ താമസിച്ചിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇടവം, മിഥുനം ഈ കാലങ്ങളിൽ അതു ഗവ മെണ്ടു ഒഴിഞ്ഞുവാങ്ങിയിരുന്നൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ൧൯൨൪ ചിങ്ങത്തിൽ ഒഴിഞ്ഞുവാങ്ങിയെന്നാണു അറിയുന്നതു.

Mr. Parambi Lonappen *(Irinjalakkuda)*: 1121 is a mistake for 1122. I know it.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to Question No. 58)

STATEMENT OF EXPENDITURE

Amount Rs.		*Year for which relates*
4,011	..	1117
35	..	1118
Nil	..	1119
3,404	..	1120
7,456	..	1121 (adjusted only in 1122)

APPENDIX II

(Please see answer to Question No. 59)

List of Coir Merchants

1. Ramdas Krishnadas, Jew Town, Mattancheri, Cochin.
2. Kirachand Madhavji & Co., Mattancheri, Cochin.
3. Popatlal Dayabhai & Co., Mattancheri, Cochin.
4. Abdul Hussain Akbarally, Jew Town, Mattancheri, Cochin.
5. A. C. Shaikh Mohamed Rowther, Jew Town, Mattancheri, Cochin.
6. B. M. Peter, Jew Town, Mattancheri, Cochin.
7. Nenshi Devashi Kathawala, Jew Town, Mattancheri, Cochin.
8. Jeevandas Purushotham & Co., Mattancheri, Cochin.
9. Diwan Haji Gani Haji Peermohamed, Mattancheri, Cochin.
10. K. Raman Nayar, Jew Town, Mattancheri, Cochin.
11. South India Corporation Ltd., Mattancheri, Cochin.
12. C. A. Abdul Wahab & Co., Jew Town, Mattancheri, Cochin.
13. Govindji Bros., Jew Town, Mattancheri, Cochin.
14. K. Anandraya Pai & Co., Jew Town, Mattancheri, Cochin.
15. S. Kadar Moideen Rowther, Jew Town, Mattancheri, Cochin.
16. Morray & Co., Ltd., Jew Town, Mattancheri, Cochin.
17. V. O. Vakken, Palluruthy, Cochin.
18. Subbia Iyar Manick & Sons., Jew Town, Mattancheri, Cochin.
16. Dwarakdas Vallabdas, Mattancheri, Cochin.
20. West Cost Planters' Agency, Jew Town, Mattancheri, Cochin.
21. Malabar Produce Agency, Jew Town, Mattancheri, Cochin.
22. United Industries (Cochin) Ltd., Jew Town, Mattancheri, Cochin.
23. Kerala Products Corporation, Jew Town Mattancheri, Cochin.
24. Sadhashiv Pandernath, Jew Town, Cochin.
25. Kalyandas Jathalal, Jew Town, Cochin.
26. Khotsoy Lalji, Mattancheri, Cochin.
27. M. S. Mohamed Coves & Mohamed Ali Co., Jew Town, Cochin.
28. H. M. Abdul Hai, Jew Town, Cochin.
29. C. L. Sintiago, Mattancheri, Cochin.
30. Haridas Chathubuj, Mattancheri, Cochin.
31. Bhanji Jevath Khoma, Mattancheri, Cochin.
32. Government Coir Depot, Mattancheri, Cochin.
33. Haridas Madhvji, Mattancheri, Cochin.
34. Shah Jagmohandas Amruthalal & Co., Jew Town, Cochin.
35. Vallabdas Mohandas & Co., Maitancheri, Cochin.
36. Mohamed Ebrahim Kassam Sait, Mattancheri, Cochin.
37. Mohamed Kassam Abdul Sattar Sait, Mattancheri, Cochin.
38. T. N. Thomas, Mattancheri, Cochin.
39. Asher & Co., Mattancheri, Cochin.
40. S. N. Lakshmana Ayyar, Jew Town, Cochin.
41. M. A. Shabul Ahmeed, Jew Town, Cochin.
42. Hushid Brothers, Mattancheri, Cochin.
43. B. Madhava Shenoy & Co., Mattancheri, Cochin.
44. Manilal & Co., Jew Town, Cochin.
45. Jai Narain Co. Ltd., Jew Town Cochin.

LIBRARY ARCHIVES Kerala Legislative Assembly